# ഹരിതസമ്പദ്‌വ്യവസ്ഥയുടെ സാധ്യതകൾ, അനിവാര്യത

ജി.ഡി.പി കേന്ദ്രീകൃത വികസന സമീപനത്തിന്റെ പ്രശ്നങ്ങളെ മറികടന്ന് സുസ്ഥിരവികസനത്തിനായി എങ്ങനെ ശ്രമിക്കാമെന്ന് ഹരിതസമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വിശദമാക്കുന്നു.

**ഡോ. സി.ടി.എസ്. നായർ**

*കേരള വനഗവേഷണ പഠന കേന്ദ്രത്തിന്റെ മുൻ ഡയറക്ടറും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ഐക്യ രാഷ്ട്രസഭയുടെ ഏജൻസിയായ എഫ്.എ.ഒ (Food and Agriculture Organization) എന്ന സ്ഥാപനത്തിലെ വനപരിപാലന ശാസ്ത്ര വകുപ്പിൽ ചീഫ് ഇക്കണോമിസ്റ്റുമായിരുന്നു ഡോ. സി.ടി.എസ്. നായർ*

**കേരളത്തിലെ വനപരിപാലനത്തിന്റെ ചരിത്രം എന്താണ്? വനപരിപാലനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വനത്തിന്റെ ഉൽപാദനപരമായ ധർമ്മങ്ങളിൽ നിന്നും സംരക്ഷണപരമായ ധർമ്മങ്ങളിലേക്ക് മാറിയിട്ടുണ്ടോ?**

വനപരിപാലനത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും സമീപനങ്ങളും ഗണ്യമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കുറഞ്ഞ ജനസാന്ദ്രതയും പരിമിതമായ വാണിജ്യസാധ്യതകളുമുള്ള ഉപജീവനാധിഷ്ഠിത കാർഷിക സമ്പദ്‌വ്യവസ്ഥയിൽ ആർക്കും പ്രവേശിക്കാവുന്നതും മത്സരാധിഷ്ഠിതമായ വിഭവ ഉപയോഗം ഇല്ലാത്തതുമായ വിഭവമായിരുന്നു വനം. വനത്തെ ആശ്രയിച്ചിരുന്നവർക്ക് മാറ്റകൃഷി നടത്തുന്നതിനും, വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും മാറ്റക്കച്ചവടത്തിലേർപ്പെടുന്നതിനും സാധിച്ചിരുന്നു. മനുഷ്യരുടെ ഇടപെടൽ പരിമിതമായ തോതിൽ മാത്രമായിരുന്നതിനാൽ വനങ്ങൾക്ക് പരിരക്ഷണാധിഷ്ഠിതമായ ധർമ്മങ്ങൾ നിറവേറ്റാനും സാധിച്ചിരുന്നു. പരിരക്ഷണപരവും ഉൽപാദനപരവുമായ ധർമ്മങ്ങൾ തമ്മിൽ വൈരുദ്ധ്യം ഉണ്ടായിരുന്നില്ല. കാർഷിക വനജന്യ ഉത്പന്നങ്ങളുടെ വിപണി വികസിതമായതോടെ കാര്യങ്ങൾ മാറാൻ തുടങ്ങി. ചില ഉൽപ്പന്നങ്ങൾക്ക് വാണിജ്യപരമായ മൂല്യം കൈവന്നതോടെയാണ് വനത്തിൻമേൽ നിയന്ത്രണങ്ങൾ വരാൻ തുടങ്ങിയത്. തേക്ക്, ചന്ദനം, കരിമരം, ഈട്ടി എന്നീ വാണിജ്യമൂല്യമുള്ള മരങ്ങളെ ജന്മി-ഭൂവുടമകളും പ്രാദേശിക ഭരണകർത്താക്കളും രാജകീയ വൃക്ഷങ്ങളായി പ്രഖ്യാപിക്കുകയും ഈ തടിയിനങ്ങളെ മുറിക്കാനും ഉപയോഗപ്പെടുത്താനുമുള്ള അവകാശം തങ്ങൾക്ക് മാത്രമായി ക്ലിപ്തപ്പെടുത്തുകയും ചെയ്തു. വനത്തിന് വാണിജ്യപരമായ പ്രാധാന്യം ലഭിച്ചുതുടങ്ങിയതോടെ മരങ്ങളെ കേന്ദ്രീകരിച്ചുള്ള സംരക്ഷണ രീതിയിൽനിന്നും വനഭൂമിയുടെ സംരക്ഷണത്തിൽ അധിഷ്ഠിതമായ നയം രൂപംകൊണ്ടു. ഇത് റിസർച്ച് വനങ്ങളുടെയും, അവയുടെ മേൽനോട്ടത്തിനായി വനംവകുപ്പിന്റെയും രൂപീകരണത്തിന് കാരണമായി. ഇതോടെ വനപരിപാലനത്തിന്റെ ശ്രദ്ധ വനനിയമപാലനം (നിയമവിരുദ്ധമായ തടിവെട്ടൽ, നിയമവിരുദ്ധമായി വനത്തിൽ പ്രവേശിക്കുക, വനം കയ്യേറ്റം എന്നിവ തടയുക), പ്രകൃതിദത്തമായ നല്ലയിനം തടികളുടെ ശേഖരണം, വാണിജ്യമൂല്യമുള്ള ചില മരങ്ങ



ളുടെ പരിമിതമായ തോതിലുള്ള പുനഃരുജ്ജീവനം എന്നിവയായിത്തീർന്നു.

തേക്ക്തടി പോലെയുള്ള വിഭവങ്ങൾക്ക് വർദ്ധിതമായ തോതിൽ വൈദേശിക വിപണി ലഭ്യമായതോടെയും വൻകിട പേപ്പർ, പൾപ്പ് വ്യവസായങ്ങൾക്കും, മറ്റ് തടിയധിഷ്ഠിത വ്യവസായങ്ങൾക്കും അസംസ്കൃത വസ്തുവെന്ന നിലയിൽ ആവശ്യം വർദ്ധിച്ചതോടെയുമാണ് ഊർജ്ജിതമായ തോതിൽ തടിലഭ്യത ലക്ഷ്യമാക്കിയുള്ള വനപരിപാലനം നിലവിൽ വന്നത്. കേരളത്തിൽ വൈദേശികാവശ്യങ്ങൾക്ക് വേണ്ടി 1840 മുതൽത്തന്നെ തേക്ക് തോട്ടങ്ങൾ സ്ഥാപിച്ചുതുടങ്ങിയിരുന്നു. 1960നു ശേഷം, വേഗത്തിൽ വളരുന്നു എന്ന പരിഗണനയിൽ യൂക്കാലിത്തോട്ടങ്ങൾ സ്ഥാപിച്ചത് പ്രധാനമായും പേപ്പർ പൾപ്പ് വ്യവസായത്തിന് വേണ്ടിയായിരുന്നു. നീണ്ട നാരിഴയുള്ള മുളവച്ചതും അസംസ്കൃത വസ്തുക്കളുടെ ക്ഷാമം മിറകടക്കാനായാണ്. 1976ലെ ദേശീയ കാർഷിക കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം തടിവിഭവങ്ങളുടെ ഉൽപ്പാദനവർദ്ധനവ് ലക്ഷ്യമാക്കി മിക്ക സംസ്ഥാനങ്ങളിലും രൂപീകരിക്കപ്പെട്ട വനവികസന കോർപ്പറേഷനുകൾ സ്വാഭാവിക വനങ്ങൾ അടച്ചുമുറിക്കുന്നതിലും ദ്രുതവളർച്ചയുള്ള തടിയിനങ്ങളുടെ തോട്ടങ്ങൾ സ്ഥാപിക്കുന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. തോട്ട നിർമ്മാണത്തിന് മുന്നോടിയായി സ്വാഭാവിക വനങ്ങളുടെ അടച്ചുമുറിക്കലിലൂടെയും, തടിവിപണനത്തിലൂടെയും ഗണ്യമായ തോതിലുള്ള വരുമാന വർദ്ധന സാദ്ധ്യമായതും വനതോട്ട നിർമ്മാണത്തെ കൂടുതൽ ആകർഷകമാക്കി.

1990 ന് ശേഷമുള്ള കാലഘട്ടത്തിൽ (പ്രധാനമായും 1988 ലെ വനനയത്തെത്തുടർന്ന്) വനപരിപാലനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പാരിസ്ഥിതിക - സാമൂഹ്യ മൂല്യങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്ന രീതിയിലുള്ള മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. 1988 ലെ കേന്ദ്ര വനനയം, വനങ്ങളുടെ പരിരക്ഷണാത്മകങ്ങളായ ധർമ്മങ്ങളെ അനുകൂലിക്കുന്ന തരത്തിലുള്ള മാറ്റം വനപരിപാലനത്തിൽ ഉളവാക്കി. (1988 ലെ വനനയത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ് 'മനുഷ്യനും മൃഗങ്ങളും സസ്യങ്ങളുമടക്കമുള്ള എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിനാവശ്യമായ വിധത്തിൽ കാലാവസ്ഥാ സ്ഥിരതയുൾപ്പെടെയുള്ള പാരിസ്ഥിതിക സന്തുലനം ഉറപ്പുവരുത്തുക എന്നതാണ് വനനയത്തിന്റെ സുപ്രധാന ലക്ഷ്യം. വനത്തിൽ നിന്നും നേരിട്ടുള്ള സാമ്പത്തിക ലാഭങ്ങൾ മേൽ സൂചിപ്പിച്ച സുപ്രധാന ലക്ഷ്യത്തിന് കീഴ്ശ്രേണിയിലെ വരികയുള്ളു.' വാണിജ്യ മേഖലയിൽ നടപ്പിലാക്കിയ ഉദാരീകരണം, തടിയുടെയും തടിയുൽപ്പന്നങ്ങളുടെയും ഇറക്കുമതി സാധ്യമാക്കിയതിനാൽ തടിയുൽപ്പാദനത്തിനായി വനവിഭവങ്ങളുടെ മേൽ നിലനിന്നിരുന്ന സമ്മർദ്ദം ഗണ്യമായ തോതിൽ ലഘൂകരിക്കപ്പെട്ടു.

നഗരവൽക്കരണവും, സേവന-വ്യവസായ മേഖലകളുടെ വളർച്ചയും വരുമാനത്തിനായി ഭൂമിയിന്മേലുള്ള ആശ്രിതത്വം കുറയുന്നതിന് കാരണമായി. ഇത് വനം നല്കുന്ന പാരിസ്ഥിതിക സേവനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകാനുള്ള സാദ്ധ്യത തുറന്നു തന്നു. വർദ്ധിച്ചു വരുന്ന മറ്റൊരുതരം വന ഉപയോഗം - വിനോദത്തിനും വിശ്രമത്തിനുമായുള്ളത് - നാഗരിക സമൂഹങ്ങൾ തുറസ്സായ ഇടങ്ങളും, വന്യവും ഗ്രാമീണവുമായ

വനപ്രദേശങ്ങളും ആഗ്രഹിച്ചു തുടങ്ങിയ തോടെയാണുണ്ടായത്. പല നഗര-വ്യവസായവൽകൃത സമൂഹങ്ങളിലും വനത്തിന്റെ വിനോദ-വിശ്രമ ഉപയോഗങ്ങൾക്ക് വളരെ പ്രാമുഖ്യമുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ വനത്തിന്മേലുള്ള സമ്മർദ്ദത്തിന്റെ സ്വഭാവത്തിന് ഈ കാലയളവിൽ മാറ്റം വന്നു എന്നുപറയാം. തീർച്ചയായും പാരിസ്ഥിതിക ധർമ്മങ്ങൾക്ക് കൂടുതൽ ഊന്നൽ ലഭിക്കുന്നുണ്ട്. കൂടുതൽ വനമേഖലകൾ സംരക്ഷിത വന്യജീവി പ്രദേശങ്ങളായി കൂട്ടിച്ചേർത്തപ്പോൾ തടിവെട്ടും ഗണ്യമായി കുറഞ്ഞു. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, സസ്യങ്ങളുടെയും ജീവികളുടെയും വംശനാശം, വരൾച്ച എന്നീ പ്രകൃതി ദുരന്തങ്ങളുടെ ഫലമായി വനസംരക്ഷണത്തിന് അനുകൂലമായ വനപരിപാലന സംവിധാനങ്ങളും സമ്പ്രദായങ്ങളും സ്വീകരിക്കപ്പെടുന്നുണ്ട്. എങ്കിലും, വനസംരക്ഷണത്തിലൂന്നിയ വനപരിപാലനത്തിലെ ഈ പുതിയ സമീപനങ്ങൾ സംഘർഷങ്ങൾക്കും കാരണമാകുന്നു. (മനുഷ്യനും-വന്യജീവികളും തമ്മിലും തദ്ദേശീയ ജനവിഭാഗങ്ങളെ സംരക്ഷിത മേഖലയിൽ നിന്നും മാറ്റിപ്പാർപ്പിക്കുന്നതുമായി ബന്ധപ്പെട്ടുമുള്ള സംഘർഷങ്ങൾ). വ്യത്യസ്തമായ വനാശ്രിത രീതികൾ നിലനിൽക്കുന്ന ശിഥിലമായ സാമൂഹ്യ സാഹചര്യങ്ങളിൽ വിഭവവിനിയോഗത്തിനെ ചൊല്ലിയുള്ള സംഘർഷങ്ങളും രൂക്ഷമായി ത്തീർന്നു.

> പശ്ചിമഘട്ടത്തിലെ വികസന ഇടപെടലുകളുടെ യഥാർത്ഥ പ്രശ്നം വികസനത്തിന്റെ അന്തഃസത്ത എന്താണ് എന്നതിനെക്കുറിച്ചുള്ള അവ്യക്തതയാണ്. സാമൂഹ്യമുന്നേറ്റത്തിന്റെ അളവുകോലെന്ന രീതിയിൽ വൻ പരാജയമെന്നത് മറന്നുകൊണ്ടാണ് വികസനത്തേയും GDP യേയും സമീകരിച്ച് മനസ്സിലാക്കാറുള്ളത്

**ഗ്വാളിയാർ റയോൺസിനും, പുനലൂർ പേപ്പർ മില്ലിനും അസംസ്കൃത വസ്തുക്കൾ നൽകിയതിലൂടെ നമുക്കെന്തെങ്കിലും മെച്ചം ഉണ്ടായിട്ടുണ്ടോ? അസംസ്കൃതവസ്തുക്കളുടെ ലഭ്യത കുറഞ്ഞതിനാലാണോ ഈ വ്യവസായങ്ങൾക്ക് പ്രവർത്തനം നിർത്തേണ്ടിവന്നത്?**

വ്യവസായവൽക്കരണത്തെ പ്രോത്സാഹിപ്പിക്കാനുള്ള സർക്കാർനയത്തിന്റെ ഭാഗമായിട്ടാണ് ഗ്വാളിയോർ റയോൺസ്, പുനലൂർ പേപ്പർമിൽ, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് എന്നിവയ്ക്ക് സഹായ വിലയ്ക്ക് മുളയും മറ്റ് പൾപ്പ് തടികളും (കൃത്യമായിപ്പറഞ്ഞാൽ യൂക്കാലിത്തടി) കൊടുത്തിരുന്നത്. തുടക്കത്തിൽ ഈ വ്യവസായങ്ങൾ വനത്തിൽ ലഭ്യമായിരുന്ന മുള, ഈറ്റ എന്നിവയായിരുന്നു മുഖ്യമായും ആശ്രയിച്ചിരുന്നത്. ധാരാളമായ ലഭ്യതയും വൻതോതിലുള്ള സമാന്തര ഉപയോഗങ്ങളില്ലാതിരുന്നതും മുളയും ഈറ്റയും വ്യവസായികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി തൊഴിൽ ഉൽപാദിപ്പിക്കാമെന്ന കാഴ്ചപ്പാടും നിസ്സാര വിലയ്ക്ക് ഇത്തരം അസംസ്കൃത വസ്തുക്കൾ വ്യവസായികൾക്ക് ലഭ്യമാക്കാൻ ഇടയാക്കി. വ്യവസായശാലകൾ ഒരിക്കൽ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയാൽ അസംസ്കൃത വിഭവങ്ങളുടെ ലഭ്യത നിശ്ചിത അളവിലും വിലയിലും ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണ് എന്നതിനാൽ തുടർന്നു വരുന്ന സർക്കാരുകൾക്ക് മറ്റ് ഒഴിവുകഴിവുകൾ ഉണ്ടായിരുന്നില്ല.

സ്വാഭാവിക മുളയുടെ ലഭ്യത കുറഞ്ഞപ്പോൾ (കൂട്ടമായുള്ള പുഷ്പിക്കൽ, അശാസ്ത്രീയമായ ശേഖരണം എന്നിവ കാരണം) സർക്കാർ മറ്റ് അസംസ്കൃത വസ്തുക്കൾ വ്യവസായങ്ങൾക്ക് നൽകാൻ നിർബന്ധിതരായി. ഈ ആവശ്യങ്ങൾക്കായാണ് മിക്ക യൂക്കാലിത്തോട്ടങ്ങളും ഉണ്ടാക്കപ്പെട്ടത്. ഗ്വാളിയോർ റയോൺസിന്റെ പ്രവർത്തനത്തെ മുളയുടെ ലഭ്യതക്കുറവ് ബാധിച്ചിരുന്നെങ്കിലും, വ്യവസായശാല സൃഷ്ടിച്ച മലിനീകരണത്തിനെതിരായ നാട്ടുകാരുടെ പ്രതിഷേധവും ചെറുത്തുനിൽപ്പുകളുമാണ് കമ്പനി അടച്ചുപൂട്ടുന്നതിനെ ഗണ്യമായി സ്വാധീനിച്ച ഘടകം. മാലിന്യപ്രശ്നം പരിഹരിക്കാനുള്ള സാങ്കേതികവിദ്യ ലഭ്യമായിരുന്നെങ്കിലും അത് ഉപയോഗപ്പെടുത്തുന്നതിൽ വ്യവസായ ഉടമകൾ വേണ്ടത്ര താൽപ്പര്യം കാണിച്ചിരുന്നില്ല. പകരം മിക്ക അവസരങ്ങളിലും അവർ കുറുക്കുവഴികൾ തേടി. ഇത് അവരെ സംബന്ധിച്ച് ഒരു ഘട്ടത്തിലധികം വിലപ്പോയില്ല.

**വനപരിപാലനത്തിന്റെ/മാനേജ്മെന്റിന്റെ തത്വങ്ങൾ എന്തൊക്കെയാണ്? നമുക്ക് വനം മാനേജ് ചെയ്യാൻ സാദ്ധ്യമാണോ? ഇന്ത്യയിലെ വനപരിപാലനത്തിൽ വന്യജീവി സംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം എന്നീ ലക്ഷ്യങ്ങൾ ഏതളവിൽ**

*⇨ ദീർഘകാലത്തോളം വനപരിപാലനത്തിന്റെ പ്രാഥമികലക്ഷ്യം സുസ്ഥിരമായ തടിയുൽപ്പാദനം മാത്രമായിരുന്നു ⇨*

**നടപ്പാക്കിയിട്ടുണ്ട്?**
വനങ്ങൾക്ക് വൈവിദ്ധ്യമാർന്ന ശ്രേണിയിലുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകാനാകുമെങ്കിലും വനപരിപാലനത്തിൽ ഇവയുടെ യഥാർത്ഥ ലഭ്യതയെക്കുറിച്ച് തീരുമാനമെടുക്കുന്നത്, അതിനെ സ്വാധീനിക്കുന്നത് ആരാണ് എന്നതിനനുസരിച്ചാണ്. പ്രാദേശിക ജനങ്ങളുടെയും, പരിസ്ഥിതിപ്രവർത്തകരുടെയും നീതിന്യായവ്യവസ്ഥയുടെയും ഇടപെടലിനെത്തുടർന്ന് വനപരിപാലനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ തടിയുൽപാദനം എന്നതിൽ നിന്നും പരിസ്ഥിതി സംരക്ഷണം എന്നതിലേക്ക് കാലക്രമത്തിൽ മാറിയിട്ടുണ്ട്.

ഇന്ത്യയിൽ ദീർഘകാലത്തോളം വനപരിപാലനത്തിന്റെ പ്രാഥമികലക്ഷ്യം സുസ്ഥിരമായ തടിയുൽപ്പാദനം മാത്രമായിരുന്നു. പ്രത്യേകമായ ഇടപെടലില്ലാതെ, സ്വാഭാവികമായിത്തന്നെ ലഭ്യമാകേണ്ട സൗകര്യമായാണ് വനം നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ പരിഗണിക്കപ്പെടുന്നത്. പക്ഷെ, ത്വരിതഗതിയിലുള്ള വ്യവസായ വികസനം സംഘർഷങ്ങൾക്ക് ആരംഭം കുറിച്ചു; വനത്തിൽ നിന്നുള്ള സുസ്ഥിരമല്ലാത്ത വിഭവസമാഹരണം, സ്വാഭാവിക വനങ്ങളിലെ തിരഞ്ഞുമുറിക്കലും തുടർന്ന് അടച്ചുമുറിക്കലും, ത്വരിതവളർച്ചയുള്ള വിദേശ വൃക്ഷഇന തോട്ടങ്ങളുടെ നിർമ്മാണം എന്നിവ ജൈവവൈവിദ്ധ്യം, നീർമറി സംരക്ഷണം തുടങ്ങിയ നിരവധി പാരിസ്ഥിതിക സേവനങ്ങൾക്ക് നാശം വരുത്തി. 1988ലെ ഇന്ത്യൻ വനനയം, വനം നൽകുന്ന പാരിസ്ഥിതിക സേവനങ്ങളായിരിക്കും വനപരിപാലനത്തിന്റെ പ്രാഥമിക ലക്ഷ്യമെന്ന അങ്ങേയറ്റം പരിരക്ഷണത്തിലധിഷ്ഠിതമായ നിലപാടെടുക്കുകയുണ്ടായി.

ഇന്ത്യയിൽ വന്യജീവി സംരക്ഷണവും, ജൈവവൈവിദ്ധ്യസംരക്ഷണവും സാദ്ധ്യമാക്കുന്ന വനനിയമം, വന്യജീവിനിയമം തുടങ്ങിയ വിവിധ പാരിസ്ഥിതിക നിയമ-നിയന്ത്രണങ്ങളുടെ പ്രധാന ഊന്നൽ, വന്യജീവി സംരക്ഷണ മേഖലകളുടെ (സാങ്ചറികൾ, നാഷണൽ പാർക്കുകൾ മുതലായവ) സംസ്ഥാപനവും വിവിധ സംരക്ഷണ പദ്ധതികളുടെ നടപ്പാക്കലുമാണ് (പ്രൊജക്റ്റ് ടൈഗർ, പ്രൊജക്റ്റ് എലഫന്റ് മുതലായവ). എങ്കിലും, പരിരക്ഷണ പ്രവർത്തനങ്ങൾക്ക് നിരവധി വെല്ലുവിളികളെ നേരിടേണ്ടിവരുന്നുണ്ട്. ഉദാഹരണമായി ഖനനമേഖലകളുടെ വളർച്ച, റോഡ്, ഊർജ്ജമേഖലകളിലെ വികസനപ്രവർത്തനങ്ങൾ തുടങ്ങിയവ. എല്ലായ്പ്പോഴും ഈ 'വികസനപ്രവർത്തനങ്ങൾക്ക്' മുൻഗണന ലഭിക്കുകയും ഇതുമൂലമുണ്ടാകുന്ന ജൈവവൈവിദ്ധ്യ നാശം, വന്യജീവിനാശം, എന്നീ പ്രശ്നങ്ങൾ നിസ്സാരവൽക്കരിക്കപ്പെടുകയും ചെയ്യുന്നു.



**സർക്കാരിന്റെ വികസനോന്മുഖ പ്രവർത്തനങ്ങൾ പശ്ചിമഘട്ടത്തെ എങ്ങനെയാണ് ബാധിക്കുന്നത്? വികസനപക്ഷ അഭിപ്രായത്തെ മാനിച്ചുകൊണ്ട് മാത്രമേ പരിസ്ഥിതി സംരക്ഷണം ചർച്ചചെയ്യാൻ സാധിക്കൂ എന്ന അവസ്ഥയിൽ നാമെത്തിച്ചേരാൻ ഇടയായതെങ്ങിനെയാണ്?**
പശ്ചിമഘട്ടത്തിലെ വികസന ഇടപെടലുകളുടെ യഥാർത്ഥ പ്രശ്നം (മറ്റെവിടെയും എന്ന പോലെ) വികസനത്തിന്റെ അന്തഃസത്തയെന്താണ് എന്നതിനെക്കുറിച്ചുള്ള അവ്യക്തതയാണ്. GDP (Gross Domestic Product), വികസനത്തിന്റെ അളവുകോലെന്ന നിലയിൽ അപര്യാപ്തമായിത്തുടരുമ്പോൾത്തന്നെ സാമൂഹ്യമുന്നേറ്റത്തിന്റെ അളവുകോലെന്ന രീതിയിൽ അത് വൻ പരാജയമെന്നത് മറന്നുകൊണ്ടാണ് വികസനത്തേയും GDP യേയും നാം സമീകരിച്ച് മനസ്സിലാക്കാറുള്ളത്. വികസന പരിപാടികൾക്ക് മുൻകൈയ്യെടുക്കുന്നത് മിക്കവാറും സർക്കാർ വകുപ്പുകളാണ്. ഇവയാകട്ടെ അവ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ അതിർവരമ്പുകൾക്കപ്പുറത്തേക്ക് ചിന്തിക്കാനാവാത്തവിധം സമീപനങ്ങളിൽ സങ്കുചിതത്വം പേറുന്നവയും സമഗ്രതയ്ക്കു പകരം വിചിന്നമായ കാഴ്ചപ്പാടുകളാൽ നയിക്കപ്പെടുന്നവയുമാണ്. യാഥാർത്ഥ്യത്തിന്റെ വിശാലമായ (സമഗ്രമായ) കാഴ്ചപ്പാടുകൾ നഷ്ടപ്പെടാതിരിക്കാനായി സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കുമിടയിൽ ഏകോപനം സാദ്ധ്യമാക്കാൻ ഉദ്ദേശിച്ച് രൂപീകരിക്കപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായില്ല. വികസന പദ്ധതികൾ അവയുടെ കൃത്യമായ സാമൂ

ഹിക പാരിസ്ഥിതിക ഗുണദോഷ വിശകലനത്തിന്റെ (Cost Benefit Analysis) അടിസ്ഥാനത്തിൽ നടപ്പിലാക്കപ്പെടുന്നത് അപൂർവ്വമാണ്. പാരിസ്ഥിതിക ആഘാത പഠനങ്ങൾ (EIA) നടത്താനുള്ള സംവിധാനങ്ങൾ ഇന്ന് നിർജ്ജീവമായിക്കഴിഞ്ഞു. പുത്തൻ വികസനപരിപാടികൾ നിർദ്ദേശിക്കുന്ന വകുപ്പുകളുടെ പ്രധാന ലക്ഷ്യം തന്നെ എവ്വിധവും പരിസ്ഥിതി സമ്മത പത്രം (Environmental clearance) എന്ന കടമ്പ കടക്കുക എന്നത് മാത്രമാണ്. അത് കടന്നുകിട്ടാൻ എല്ലാവിധ അടവുകളും അവർ സ്വീകരിക്കുന്നു. പദ്ധതികൾ ആകർഷകമായി ത്തോന്നിപ്പിക്കാനായി മിക്കപ്പോഴും പാരിസ്ഥിതികവും സാമ്പത്തികവുമായ ചിലവുകൾ കുറച്ചുകാണിക്കുകയും പദ്ധതിയുടെ ഇല്ലാത്ത ഗുണങ്ങൾ പെരുപ്പിച്ചു കാണി

> മിക്കവാറും രാജ്യങ്ങളിലും നടക്കുന്ന ഗവേഷണങ്ങളിൽ വലിയൊരു പങ്കും ഏകവിളത്തോട്ടങ്ങളിൽ നിന്നുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയാണ്. കാർഷിക മേഖലയിൽ ഹരിത വിപ്ലവത്തിന് സംഭവിച്ചതിനോട് വളരെ സാമ്യമുണ്ട് ഇതിന്

ക്കുകയുമാണ് ചെയ്യുന്നത്.

ഗണ്യമായ വിഭാഗം 'വികസന' പദ്ധതികളും സ്വകാര്യ സംരംഭങ്ങളാണ്. സ്വകാര്യ സംരംഭങ്ങൾ എല്ലായ്പ്പോഴും വിപണിസാദ്ധ്യതകളാലും ലാഭേഛകളാലും നയിക്കപ്പെടുന്നവയായിരിക്കും. ചുറ്റുപാടിൽ ഗണ്യമായ പാരിസ്ഥിതികാഘാതം ഉണ്ടാക്കാൻ സാദ്ധ്യമായ വിധത്തിൽ വ്യക്തികൾക്ക് ഭൂവിനിയോഗത്തിൽ മാറ്റമുണ്ടാക്കാൻ സാധിക്കുന്നു. (പാടവും തണ്ണീർത്തടങ്ങളും നികത്തൽ, പാറഖനനം, കുന്നിടിക്കൽ മുതലായവ). ബഹുജനഹിതത്തിനെതിരായ സ്വകാര്യവ്യക്തികളുടെ നടപടികളെ നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ വളരെ ദുർബലമാണ്. പലപ്പോഴും സമ്മർദ്ദത്തിനുവഴങ്ങി, സർക്കാരുകൾ പൊതുജനഹിത്തിന് വിരുദ്ധമായിത്തന്നെ നിലവിലുള്ള സംരക്ഷണ നിയമങ്ങളിൽ വെള്ളം ചേർക്കുന്നു. (നെൽവയൽ നീർത്തട നിയമം - 2005ന്റേത് ഒരു ഉദാഹരണം). ഇതെല്ലാം ചെയ്യുന്നതാകട്ടെ വളരെ ഹ്രസ്വദൃഷ്ടിയോടെയും സങ്കുചിതത്വത്തോടെയും നിർവ്വചിക്കപ്പെട്ട വികസന സങ്കല്പങ്ങളുടെ പേരിലാണുതാനും.

**GDP (Gross domestic product) ഒരുവികസന സൂചകമെന്ന നിലയിൽ ഉപയോഗപ്പെടുത്തുന്നതിലെ പ്രധാന പ്രശ്നം, അതിൽ സാമൂഹ്യ, പാരിസ്ഥിതിക മാനങ്ങൾക്ക് പൂർണ്ണമായും ഇടം കൊടുത്തിട്ടില്ല എന്നതാണ്. GDP സാമൂഹ്യപുരോഗതിയെ സംബന്ധിച്ച ഏറ്റവും അപര്യാപ്തമായ സൂചകമാണെന്നത് ഇതിനകം തെളിയിക്കപ്പെട്ടിട്ടുമുണ്ട്. വികസനത്തിന്റെ അളവുകോലെന്ന നിലയിൽ GDPയെ ആശ്രയിക്കുമ്പോഴുള്ള അപര്യാപ്തതകൾ?**
വിഭവ വിതരണത്തിലെ അസന്തുലിതാവസ്ഥയെയും അതിന്റെ അനന്തരഫലങ്ങളും അത് പൂർണ്ണമായും അവഗണിക്കുന്നു.

പ്രകൃതി ദത്തമായ മൂലധനങ്ങളുടെ ഗുണപരവും, അളവുപരവുമായ നാശത്തെ കണക്കിൽ ഉൾകൊള്ളിക്കുന്നതിൽ പരാജയപ്പെടുന്നു. ഉദാഹരണമായി, വനനാശം, ഭൂവിഭവങ്ങളുടെ ഗുണപരമായ ശോഷണം, ശുദ്ധജലത്തിന്റെ ഗുണപരവും പരിമാണപരവുമായ ശോഷണം, ജൈവവൈവിദ്ധ്യ ശോഷണം മുതലായവ.

GDP വർദ്ധനവിൽ ശ്രദ്ധ കേന്ദ്രീകരിച്ച രാജ്യങ്ങളിലെല്ലാം സാമ്പത്തിക അസമത്വം വർദ്ധിക്കാനിടവന്നിട്ടുണ്ട്. പശ്ചിമഘട്ടമേഖലയിൽ തദ്ദേശീയവാസികൾ, പ്രത്യേകിച്ച് ആദിവാസി ജനസമൂഹം പൂർണ്ണമായും പാർശ്വവൽക്കരിക്കപ്പെടുകയും വിഭവങ്ങൾ അവരിൽ നിന്ന് കവർന്നെടുക്കപ്പെടുകയും ചെയ്തു.

പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, വനം എന്നിവയുടെ കാര്യത്തിലാകട്ടെ സ്വകാര്യലാഭം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ കൊടുക്കുന്ന സ്വതന്ത്ര വ്യാപാര സമീപനങ്ങൾ രൂക്ഷമായ ദോഷഫലങ്ങൾ പരിസ്ഥിതിയിൽ സൃഷ്ടിക്കുകയും അവ ജനങ്ങളെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി സ്വകാര്യസ്വത്തായിരിക്കെത്തന്നെ അതിന് പൊതുസ്വത്തിന്റേതായ നിരവധി ഗുണവിശേഷങ്ങൾ ഉണ്ട്. ഇവയെ, ആവശ്യമായ നിയമങ്ങളും നിയന്ത്രണങ്ങളും ഉപയോഗിച്ച് സ്വകാര്യ ഉപയോഗത്തിൽ നിന്നും സംരക്ഷിക്കേണ്ടതുണ്ട്. ഇതിനായി നിരവധി പാരിസ്ഥിതിക നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും പാരിസ്ഥിതിക നിയമവാഴ്ചയുടെ പാരമ്പര്യം വളരെ ദയനീയമാണ്. തൽപ്രകക്ഷികൾ പാരിസ്ഥിതിക നിയമങ്ങളുടെ പ്രയോഗം വിവിധ രീതിയിൽ തടസ്സപ്പെടുത്തുന്നു എന്നതുതന്നെയാണ് കാരണം. ഈ പ്രശനങ്ങളാണ് യഥാർത്ഥത്തിൽ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സ



മിതി (ഗാഡ്ഗിൽ കമ്മിറ്റി) സംബോധന ചെയ്യുന്നത്.

ഹരിതസമ്പദ്‌വ്യവസ്ഥയെന്ന ചട്ടത്തിന്, GDP കേന്ദ്രീകൃത സമീപനത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ മറികടന്ന് സുസ്ഥിരവികസനത്തിനുതകുന്ന എല്ലാ സുപ്രധാന ഘടകങ്ങളെയും (അതായത് സാമ്പത്തിക, സാമൂഹിക, സാംസ്ക്കാരിക ഘടകങ്ങളെ) കണക്കിലെടുക്കാൻ സാധിക്കും. പരിസ്ഥിതി നാശത്തിന് പ്രധാന കാരണം ആർഭാടത്തിലും വിനാശകരമായ ഉൽപ്പന്നങ്ങളിൽ/സൗകര്യങ്ങളിലുമുള്ള അത്യാവശ്യമാണ്. ഹരിതസമ്പദ്‌വ്യവസ്ഥയുടെ ഊന്നൽ പ്രകൃതിദത്തമായ ആസ്തികളുടെ (വനം, ജലാശയങ്ങൾ, ജൈവവൈവിദ്ധ്യ കൃഷിഭൂമി ഇവയുടെ) പുനരുജ്ജീവനത്തിനാണ്. പുനരുപയോഗം ചെയ്യാനാവാത്ത ഊർജ്ജസ്രോതസ്സുകൾക്കുപകരം പുനരുപയോഗം സാദ്ധ്യമായതരം ഊർജ്ജസ്രോതസ്സുകളെ സ്വീകരിക്കുവാനും കാർബൺ പാദമുദ്രകൂടിയ ഉൽപ്പന്ന – സേവനങ്ങൾക്ക് നികുതി ഏർപ്പെടുത്താനും ഹരിതസമ്പദ്‌വ്യവസ്ഥയിൽ സാധിക്കും. പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും ഹരിത സമ്പദ്‌വ്യവസ്ഥയിലേക്ക് മാറുക എന്നത് അനിവാര്യമായ ഒരു തിരഞ്ഞെടുപ്പാണ്.

**ഏകവിളത്തോട്ടങ്ങളെ കുറിച്ച് ധാരാളം പാരിസ്ഥിതിക ആശങ്കകൾ ഉണ്ടാകുന്ന ഇക്കാലത്ത് എന്താണ് അവയുടെ ഭാവി?**

തീർച്ചയായും ഏകവിളത്തോട്ടങ്ങൾക്ക് ന്യൂനതകളുണ്ട്. ഇപ്പോൾ അവയുടെ പ്രശ്നങ്ങൾ കൂടുതലായി തിരിച്ചറയപ്പെടുന്നുമുണ്ട്. എങ്കിലും വലിയതോതിൽ തടിപോലുള്ള അസംസ്കൃതവസ്തുവിന്റെ ആവശ്യം നിലനിൽക്കുന്നിടത്തോളം വ്യവസായമേഖല ഏകവിളത്തോട്ടങ്ങളെ കയ്യൊഴിയും എന്നുതോന്നുന്നില്ല. കുറയുന്ന ഉൽപാദനക്ഷമത, കൂടിവരുന്ന കീടങ്ങളും അസുഖങ്ങളും, ജൈവവൈവിദ്ധ്യത്തിനുമേലും വൃഷ്ടിപ്രദേശങ്ങൾക്കുമേലുമുള്ള ആഘാതം എന്നിങ്ങനെയുള്ള പ്രശ്നങ്ങൾക്ക് സാങ്കേതികപരിഹാരം കണ്ടെത്തുവാൻ കൂടുതൽ ശ്രദ്ധകൊടുക്കേണ്ടി വരും. മിക്ക രാജ്യങ്ങളിലും നടക്കുന്ന ഗവേഷണങ്ങളിൽ ഏറിയപങ്കും ഏകവിളത്തോട്ടങ്ങളിൽ നിന്നുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയുള്ള വയാണ്. കാർഷിക മേഖലയിൽ ഹരിത വിപ്ലവത്തിന് സംഭവിച്ചതിനോട് വളരെ സാമ്യമുണ്ട് ഇതിന്.

എന്നാൽ ഏകവിളത്തോട്ടങ്ങളിൽ നിന്ന് ജൈവകൃഷിലേക്കും ആവാസവ്യവസ്ഥയിൽ അധിഷ്ടിതമായതും പ്രകൃതിയോട് കൂടുതൽ ചേർന്നതുമായ വനപരിപാലനത്തിലേക്കുള്ള മാറ്റത്തിന്റെ ആദ്യ ചുവടുകൾ പല രാജ്യങ്ങളിലും കാണപ്പെട്ടുതുടങ്ങിയിട്ടുണ്ട്. ആവാസവ്യവസ്ഥകളെക്കുറിച്ചുള്ള മെച്ചപ്പെട്ട തിരിച്ചറിവാണ് ഈ മാറ്റങ്ങൾക്കു കാരണം. സ്വാഭാവിക വനങ്ങളിൽ നിന്ന് ഏകവിളത്തോട്ടങ്ങളിലേക്ക് മാറിയപ്പോഴും പിന്നീട് തോട്ടങ്ങളുടെ ഉദ്പാദനക്ഷമത ഉയർത്താനുള്ള ശ്രമങ്ങൾ നടന്നപ്പോഴും തടി ഉദ്പാദനം മാത്രമായിരുന്നു വനപരിപാലനത്തിന്റെ ലക്ഷ്യം. സങ്കീർണ്ണമായ ആവാസവ്യവസ്ഥകളെ കുറിച്ചുള്ള പുത്തൻ തിരിച്ചറിവുകളും വൈവിദ്ധ്യങ്ങളായ ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയും വനപരിപാലനത്തിൽ മെച്ചപ്പെട്ട രീതികൾ അവലംബിക്കാൻ കാരണമായിട്ടുണ്ട്. വൈവിദ്ധ്യമാർന്ന വസ്തുക്കൾ ഉപയോഗിക്കാനാകുന്ന സാങ്കേതികവിദ്യകളും ചെറുകിട വ്യവസായങ്ങളുടെ വളർച്ചയും വിദൂരഭാവിയിൽ വലിയ തോതിലുള്ള ഏകവിളത്തോട്ടങ്ങൾ ആവശ്യമില്ലാതാക്കും. എന്നാൽ സമീപഭാവിയിൽ ഏകവിളത്തോട്ടങ്ങൾ തുടർന്നും നിലനിൽ

ക്കാൻതന്നയൊണ് സാദ്ധ്യത.

**ഇന്ത്യൻ ജനാധിപത്യത്തിൽ പാരിസ്ഥിതിക ഭരണരീതി നടപ്പിലാക്കാനുള്ള സാധ്യതകളുണ്ടോ? മാധവ് ഗാഡ്ഗിൽ കമ്മിറ്റി ശുപാർശ ചെയ്ത പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റിക്ക് ഇത് സാദ്ധ്യമാകുമോ? പങ്കാളിത്ത ജനാധിപത്യത്തിൽ പാരിസ്ഥിതിക ഭരണത്തിന്റെ ഘടന എങ്ങിനെയായിരിക്കണം? വിഭവ പരിപാലനം സാമാന്യ ജനങ്ങളിലേക്ക് എത്തിച്ചേരുമോ?**

പ്രകൃതിവിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ അിറവുകൾ കൊണ്ടുവരാൻ കഴിയുന്നതും മികച്ച കാര്യശേഷിയും സുതാര്യതയുമുള്ള സ്ഥാപനങ്ങളും സ്ഥാപനങ്ങളെ തിരുത്താൻ കഴിയുന്ന വിധം ശക്തിയുള്ള, ഉയർന്ന ജാഗ്രത പുലർത്തുന്ന പൊതുസമൂഹവുമാണ് പാരിസ്ഥിതിക ഭരണരീതിക്ക് പ്രാഥമികമായി വേണ്ടത്. സ്ഥാപനസംവിധാനങ്ങൾക്കോ പാരിസ്ഥിതിക ഭരണരീതികൾക്കോ എല്ലായിടത്തും എല്ലാകാലത്തേക്കുമായ സാമാന്യ കുറിപ്പടികളില്ല. ചിലപ്പോഴത് പൂർണ്ണമായും വികേന്ദ്രീകരിക്കപ്പെട്ട സംവിധാനമാകാം. പ്രധാനകാര്യം സുതാര്യതയും പൊതുസമൂഹത്തോടുള്ള ഉത്തരവാദിത്വവുമാണ്. ചില കാര്യങ്ങൾ ദേശീയ തലത്തിലോ സംസ്ഥാനതലത്തിലോ നന്നായി ചെയ്യാനാകും. എന്നാൽ മറ്റുചിലത് പ്രാദേശിക തലത്തിലാകും നന്നാകുന്നത്. ഏതു തലത്തിലാണ് നിർവ്വഹണം നടത്തേണ്ടത് എന്ന് കൃത്യമായി നിർവ്വചിക്കേണ്ടതുണ്ട്. നിർവ്വഹണം ഏതുതലത്തിലായാലും പ്രാധാന്യം കൊടുക്കേണ്ടത് കാര്യക്ഷമതയ്ക്കും, ഉത്തരവാദിത്വത്തിനുമാണ്.

ഈ തത്വങ്ങൾ മുറുകെപ്പിടിക്കാനായില്ലെങ്കിൽ പശ്ചിമഘട്ട പരിസ്ഥിതി അതോറിറ്റി സ്ഥാപിച്ചാലും ഇല്ലെങ്കിലും പാരിസ്ഥിതിക ഭരണരീതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനിൽക്കുകതന്നെ ചെയ്യും. വിഭവപരിപാലനത്തിന്റെ ജനാധിപത്യവൽക്കരണം ആവശ്യമാണെന്നിരിക്കെത്തന്നെ, പ്രാദേശികസ്ഥാപനങ്ങൾ കാര്യക്ഷമതയും സുതാര്യതയും ഉത്തരവാദിത്വവും സൂക്ഷിക്കുകയും ഇപ്പോഴത്തെ മാത്രമല്ല, വരാൻപോകുന്ന തലമുറകൾക്ക് മേലും അധികാരഭരണമുണ്ടാവാതെ നോക്കുകയും വേണം.

**ഐക്യ രാഷ്ട്രസഭയുടെ ഏജൻസിയായ FAO ( Food and Agriculture Organization) എന്ന സ്ഥാപനത്തിൽ വനപരിപാലന ശാസ്ത്രവകുപ്പിൽ ചീഫ് ഇക്കണോമിസ്റ്റായി താങ്കൾ ഏറെക്കാലം സേവനമനുഷ്ഠിച്ചിട്ടുണ്ടല്ലോ. FAO യുടെ വനത്തെ സംബന്ധിച്ചുള്ള സങ്കൽപ്പത്തിൽ കാലാകാലങ്ങളായി വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്?**

തീർച്ചയായും കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി FAO ധാരാളം മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. അറുപതുകളിലും എഴുപതുകളിലും വ്യവസായവൽക്കരണമാണ് രാജ്യങ്ങളുടെ വികസനത്തിന് പ്രധാനം എന്ന അന്നത്തെ കാഴ്ചപ്പാടിനനുസൃതമായി വനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായവൽക്കരണത്തിലാണ് FAO ശ്രദ്ധ കേന്ദ്രീകരിച്ചത്. FAO യുടെ ഫോറസ്റ്ററി ഡിപ്പാർട്ടുമെന്റ് പൂർണ്ണമായും ശ്രദ്ധയൂന്നിയത് തടിമില്ലുകൾ, പാനൽ വ്യവസായങ്ങൾ, പൾപ്പ്, പേപ്പർ ഇത്യാദി വനവ്യവസായങ്ങൾക്ക് സാങ്കേതിക സഹായം എത്തിച്ചുകൊടുക്കുക എന്നതിലായിരുന്നു. എന്നാൽ തൊണ്ണൂറുകളിൽ ചില കാതലായ മാറ്റങ്ങൾ FAOൽ ഉണ്ടായി. വ്യവസ്ഥാപിതമായ വ്യവസായകേന്ദ്രീകൃതമായ വനവികസനത്തിന്റെ പരിമിതികൾ മനസ്സിലാക്കിക്കൊണ്ട് FAO യുടെ ശ്രദ്ധ സാമൂഹ്യ/പങ്കാളിത്ത വനപരിപാലനത്തിലേക്ക് തിരിഞ്ഞു. യഥാർത്ഥത്തിൽ സാമ്പ്രദായിക കേന്ദ്രീകൃത വനപരിപാലനത്തിൽ നിന്ന് പ്രാദേശിക സമൂഹങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വനപരിപാലനത്തിലേക്കുള്ള മാറ്റത്തിൽ ആദ്യചുവടുകൾ FAO യുടെതായിരുന്നു. വനാശ്രിത ഗ്രാമീണ ജനത ഇന്ധനത്തിനായി വനത്തിൽ നിന്നുള്ള വിറക് വ്യാപകമായി ആശ്രയിക്കുന്നതിനെക്കുറിച്ചുള്ള പഠനങ്ങൾ പലതും വനാശ്രിത സമൂഹങ്ങളുടെ ജീവസന്ധാരണത്തിലേക്ക് ശ്രദ്ധ തിരിക്കാൻ FAO യെ പ്രേരിപ്പിച്ചു.

മറ്റൊരു പ്രധാനപ്പെട്ട മാറ്റം പരിസ്ഥിതി സേവനങ്ങൾക്കായുള്ള വനപരിപാലനമാണ്. 1992ലെ ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി വികസന കോൺഫറൻസിനുശേഷം ഈ മാറ്റം വളരെ പ്രകടമായിരുന്നു. പ്രാദേശിക സമൂഹങ്ങളെ ഉൾപ്പെടുത്തിയുള്ള വനപരിപാലനത്തിന്റെ ജനാധിപത്യവൽക്കരണവും സാമൂഹ്യവും പാരിസ്ഥിതികവുമായ ലക്ഷ്യങ്ങൾ വച്ചുകൊണ്ടുള്ള വനപരിപാലനവും നിലവിലുള്ള സ്ഥാപനങ്ങളും നയങ്ങളും നിലനിർത്തിക്കൊണ്ട് സാദ്ധ്യമല്ല എന്ന് തിരിച്ചറിഞ്ഞ FAO, നയരൂപീകരണ പ്രക്രിയയെ ശക്തിപ്പെടുത്തുവാനും വനപരിപാലനവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കാലോചിതമായ മാറ്റങ്ങൾക്കും

പ്രാധാന്യം നൽകിത്തുടങ്ങി.

ആഗോളവത്കരണത്തോടൊപ്പം നിഷ്ഠൂരമായിത്തീർന്ന കെടുകാര്യസ്ഥതയും അഴിമതിയും വ്യാപകമായ അനധികൃത തടിവ്യവസായത്തിന് കളമൊരുക്കി. അനധികൃത മരം മുറിക്കലിലൂടെ കോടിക്കണക്കിന് ഡോളറുകളാണ് ഉഷ്ണമേഖലാ രാജ്യങ്ങൾക്ക് നഷ്ടപ്പെടുന്നത്. അതുകൊണ്ടുതന്നെ, വനഭരണവ്യവസ്ഥ കൂടുതൽ കാര്യക്ഷമമാക്കുക, ഉയർന്ന സുതാര്യത ഉറപ്പുവരുത്തുക, അനധികൃത മരവ്യവസായത്തിനെതിരെ പ്രവർത്തിക്കുക എന്നിവയെല്ലാം FAO യുടെ പ്രധാന പ്രവർത്തനമേഖലകളായി മാറി. സുസ്ഥിര വനപരിപാലനത്തെ, അനധികൃത മരക്കച്ചവടം സാമ്പത്തികമായി നഷ്ടത്തിലാക്കുന്നു എന്ന തിരിച്ചറിവാണ് ഈ മാറ്റത്തിന് കാരണമായത്.

അങ്ങനെ കഴിഞ്ഞ കുറച്ച് പതിറ്റാണ്ടുകളിൽ വ്യാവസായിക മരം മുറിക്കലിൽ നിന്ന് സാമൂഹ്യ പങ്കാളിത്തത്തിലേക്കും പാരിസ്ഥിതിക സേവനങ്ങളിലേക്കും കൂടുതൽ ഉത്തരവാദിത്വവും സുതാര്യതയുമുള്ള വനപരിപാലന സംവിധാനത്തിലേക്കുമുള്ള കാതലായ മാറ്റമാണ് FAO യുടെ ഇടപെടൽ കൊണ്ടുണ്ടായത്.

**വനംവകുപ്പിനേയും വനപരിപാലന പ്രവർത്തനങ്ങളേയും വിദേശ ബന്ധങ്ങൾ എങ്ങനെയൊക്കെയാണ് സ്വാധീനിച്ചത് എന്ന് വ്യക്തമാക്കാമോ?**

വനത്തിലും വനപരിപാലനത്തിലുമുള്ള വിദേശ ഇടപെടലിന് ദീർഘമായ ചരിത്രമുണ്ട്. തടിവ്യവസായം തുടങ്ങിയത് മുതലും തേക്ക് പോലുള്ള മരങ്ങൾ കയറ്റിയയക്കാനായി കൊളോണിയൽ വനംവകുപ്പുകൾ സ്ഥാപിക്കപ്പെട്ടത് മുതലും ആരംഭിക്കുന്നു ആ ചരിത്രം. ജർമ്മൻ/ബ്രട്ടീഷ് നിഷ്ഠകൾ പ്രകാരം പരിശീനലം ലഭിച്ചവരായിരുന്നു അക്കാലത്തെ ഓഫീസർമാർ എന്നതിനാൽ കൊളോണിയർ കാലത്തെ വനപരിപാലനം യൂറോപ്യൻ കാഴ്ചപ്പാടിലുള്ളതായിരുന്നു. വനം വകുപ്പ്, പരിശീലനസ്ഥാപനങ്ങൾ, വനഗവേഷണ സ്ഥാപനങ്ങൾ എന്നിങ്ങനെ അന്ന് സ്ഥാപിക്കപ്പെട്ട സംവിധാനങ്ങളെല്ലാം സ്വാംശീകരിച്ചത് വൈദേശിക ശീലങ്ങളെയായിരുന്നു. വലിയ ഒരളവുവരെ അതിപ്പോഴും നിലനിൽക്കുന്നുമുണ്ട്. ഈ സ്ഥാപനങ്ങളെ തദ്ദേശീയവത്ക്കരിക്കാനുള്ള ശ്രമങ്ങളൊന്നും ഇക്കാലമത്രയും നടന്നിട്ടുമില്ല. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി അതിവേഗത്തിൽ സംഭവിച്ച ആഗോളവത്ക്കരണത്തിലൂടെ വനപരിപാലനത്തിൽ വിദേശസ്വാധീനം വീണ്ടും കൂടുകയാണുണ്ടായത്. പലപ്പോഴും ധാരണകളും പ്രവർത്തനരീതികളും വിദേശത്തുനിന്ന് പകർത്തുകയല്ലാതെ തദ്ദേശരീതികളെ വികസിപ്പിക്കുകയുണ്ടായിട്ടില്ല. ഇത് പ്രാദേശിക സമൂഹങ്ങളെ അന്യവത്ക്കരിക്കുന്നതിനും പ്രാദേശികമായി വേരുകളുള്ള അറിവുകൾ നഷ്ടപ്പെടുന്നതിനും കാരണമായി. ആധുനിക, ശാസ്ത്രീയ വനപരിപാലനം വനം വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും കുത്തകയായി. വനപരിപാലനത്തെ ഇത്തരത്തിലുള്ള നിഗൂഡവത്കരണത്തിൽ നിന്ന് രക്ഷിക്കേണ്ട സമയമായി.

**വിദേശ സ്വാധീനത്തിന്റെ ഫലമെന്തായിരുന്നു? തിരിച്ച് പ്രാദേശിക ജീവസന്ധാരണവും പാരിസ്ഥിതികമായ സുസ്ഥിതിയും മുൻനിർത്തിയുള്ള വനസംരക്ഷണത്തിനായി അവലംബിക്കേണ്ട മാർഗ്ഗങ്ങൾ എന്തെല്ലാമാണ്?**

തദ്ദേശീയ ആവശ്യങ്ങൾ നിവർത്തിക്കുവാൻ കഴിയുന്നതും വിശാലാർത്ഥത്തിലുള്ള സാമൂഹ്യനന്മ ലക്ഷ്യം വയ്ക്കുന്നതുമാകണം നമ്മുടെ പ്രവർത്തനങ്ങൾ. ഇപ്പോഴത്തേത് മാത്രമല്ല ഭാവിയിലേതും. ആഗോളവത്കൃത ലോകത്ത് നല്ലതും അത്ര നല്ലതല്ലാത്തതുമായ വിദേശ സ്വാധീനങ്ങളെ പൂർണ്ണമായും ഒഴിവാക്കുക എന്നത് ബുദ്ധിമുട്ടാണ്. മറ്റു രാജ്യങ്ങളുടെ അനുഭവങ്ങളിൽ നിന്ന് പഠിക്കാൻ കഴിയുക എന്നതും ഉയർന്ന സാങ്കേതിക വിദ്യയുടെ ലഭ്യതയും പുതിയ വിപണിയിലേക്കുള്ള പ്രവേശനവുമാണ് നല്ല വശങ്ങൾ. എന്നാൽ പ്രാദേശികമായ അറി



⇨ *കാടിനെ മനുഷ്യരിൽ നിന്ന് അകറ്റി നിർത്തിയിരിക്കുന്ന വനംവകുപ്പിൽ ഈ പ്രശ്നം കൂടുതൽ ഗുരുതരമാണ്* ⇨

വ്, അത് കൈവശം വച്ച ജനതയ്ക്ക് യാതൊരു ഉപകാരവുമില്ലാത്ത വിധം ചൂഷണം ചെയ്യപ്പെട്ടേക്കാം എന്ന അപകടവുമുണ്ട്. യഥാർത്ഥത്തിൽ കോളോണിയൻ കാലത്ത് പല രാജ്യങ്ങളിലും സംഭവിച്ചത് ഇതുതന്നെയാണ്. രാജ്യങ്ങളെല്ലാം ഒരേ തട്ടിലല്ലാത്തതുകൊണ്ട് പുത്തൻ കോളനിവത്കരണത്തിന്റെ കാലത്തും ഈ ചൂഷണം തുടർന്നു. നമ്മൾ എത്ര നന്നായി വിദേശ സ്വാധീനത്തെ മനസ്സിലാക്കുന്നു എന്നതിന്റെയും നമ്മുടെ ദേശീയവും പ്രാദേശികവുമായ സ്ഥാപനങ്ങൾ അവയെ നേരിടാൻ എത്രത്തോളം ഫലപ്രദമാണ് എന്നതിന്റെയും അടിസ്ഥാനത്തിലാണ് വിദേശസ്വാധീനത്തിന്റെ ഫലം കാണപ്പെടുന്നത്. ഹരിത ഗൃഹവാതകങ്ങളുടെ വ്യാപനം തടയുന്നതിനും കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനും അന്തർദേശീയ തലത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങൾ ആവശ്യമാണ്. എന്നാൽ പലപ്പോഴും അന്തർദേശീയ തലത്തിലുള്ള ചർച്ചകൾ ചില രാജ്യങ്ങളുടെ ദേശീയ താൽപര്യങ്ങളാൽ ഹൈജാക്ക് ചെയ്യപ്പെടുകയും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കേണ്ടതിന്റെ ഭാരം മുഴുവൻ വികസ്വര രാജ്യങ്ങൾക്കുമേൽ വന്നു പതിക്കുകയുമാണ് ചെയ്യുന്നത്.

**പങ്കാളിത്ത വനപരിപാലനം ഏറ്റെടുക്കുകയും നവീകരിക്കുകയും ചെയ്യുന്നതിൽ എന്തുകൊണ്ടാണ് വനംവകുപ്പ് വിമുഖത കാണിക്കുത്?**

നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കിക്കൊണ്ട് വനം സംരക്ഷിക്കുവാൻ ഉദ്ദേശിക്കുന്ന കേന്ദ്രീകൃത ഘടനയായാണ് വനംവകുപ്പ് പരിണമിച്ചു വന്നത്. അതുകൊണ്ടുതന്നെ ആജ്ഞാപിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന രീതിയിൽ നിന്ന് പങ്കാളിത്ത വനപരിപാലനത്തിന്റെ രീതികളിലേക്ക് മാറുക എന്നത് അതീവ ദുഷ്കരമാണ്. ശക്തമായി കേന്ദ്രീകരിക്കപ്പെട്ട ഘടന വികേന്ദ്രീകൃതമായ ഘടനയിലേക്ക് പരിവർത്തനപ്പെടുത്താൻ സമയമെടുത്തേക്കും. പങ്കാളിത്തവനപരിപാലനത്തെ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിൽ തന്നെ അത് നടപ്പിലാക്കേണ്ട വകുപ്പ് അതിനാവശ്യമായ മൂല്യബോധവും ധർമ്മബോധവും ഘടനയും ആർജ്ജിക്കാനും സമയമെടുക്കും. ഇത് വനം വകുപ്പിൽ മാത്രമല്ല സംഭവിക്കുന്നത്. കേന്ദ്രീകൃതമായ സർക്കാർ സംവിധാനങ്ങളൊന്നും വികസനപ്രവർത്തനങ്ങൾ പ്രാദേശിക ഭരണസംവിധാനങ്ങളെ ഏൽപ്പിക്കാൻ തയ്യാറാകുന്നില്ല. കാലങ്ങളായി പൊതുസ്ഥലത്തിന്റെ ഉടമകളായി നിന്നുകൊണ്ട്, കാടിനെ മനുഷ്യരിൽ നിന്ന് അകറ്റി നിർത്തിയിരിക്കുന്ന വനംവകുപ്പിൽ ഈ പ്രശ്നം കൂടുതൽ ഗുരുതരമാണ്.

**അഴിമതിയും സുനിശ്ചിത വഴികളിലൂടെയുള്ള പണത്തിന്റെ ഒഴുക്കും പങ്കാളിത്ത പരിപാലനം നടപ്പിലാക്കുന്നതിൽ നിന്ന് വനംവകുപ്പിനെ എത്രമാത്രം തടയുന്നുണ്ട്?**

മോശമായ ഭരണവും അഴിമതിയും സാർവ്വത്രികമായിട്ടുണ്ട്. വനംവകുപ്പിൽ കാണുന്ന അഴിമതി ഇതിന്റെ പരിച്ഛേദം മാത്രമാണ്. എന്നാൽ വിലപ്പെട്ട ജൈവവിഭവങ്ങളുടെ കാവൽക്കാരെന്ന നിലയ്ക്ക് വനംവകുപ്പിലെ അഴിമതിയും കെടുകാര്യസ്ഥതയും ദേശവ്യാപകമായ ദുഷ്ഫലങ്ങളുണ്ടാക്കും. സർക്കാരിനു കീഴിലുള്ള ഏറ്റവും വിലപിടിച്ച വിഭവമെന്നതിനാൽ (തടി, മറ്റ് വിഭവങ്ങൾ, ഭൂമി, ധാതുക്കൾ എന്നിങ്ങനെ) അത് അനധികൃതമായി കൈയ്യേറപ്പെടാൻ സാദ്ധ്യതയേറെയാണ്. പൊതുവിൽ ഭരണസംവിധാനവും ഉത്തരവാദിത്ത ഭരണവും മെച്ചപ്പെട്ടിട്ടില്ലെങ്കിൽ പങ്കാളിത്ത വനപരിപാലനം ഒരു പരിഹാരമാകില്ല. ഇപ്പോൾ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാണുന്ന അഴിമതിയുടെ സാഹചര്യത്തിൽ പ്രത്യേകിച്ചും.

വിഭവങ്ങൾ പരിമിതമാവുകയും അവയ്ക്ക് മേൽ നിയന്ത്രണത്തിന് വേണ്ടിയുള്ള ശ്രമങ്ങൾ തീവ്രമാവുകയും ചെയ്യുമ്പോഴാണ് അഴിമതി വർദ്ധിക്കുന്നത്. അതുകൊണ്ടുതന്നെ ഉയർന്ന ജനസംഖ്യയുള്ള കേരളത്തിൽ അനധികൃത പ്രവർത്തനങ്ങൾ കൊണ്ട് ധാരാളം സാമ്പത്തിക നേട്ടം ഉണ്ടാക്കാനാകും. തെറ്റായ വഴികളിലൂടെ പൊതുസ്വത്ത് കൈക്കലാക്കുന്നതിൽ സ്വകാര്യ മൂലധനത്തിന് വലിയ പങ്കുണ്ട്. പൊതുവിഭവങ്ങൾ അനധികൃതമായി കൈക്കലാക്കുക, പൊതു നിക്ഷേപങ്ങളിൽ നിന്ന് പണം അപഹരിക്കുക (വികസന പദ്ധതികളെ കറവപശുക്കളാക്കിക്കൊണ്ട്), വ്യക്തികൾ പണം മുടക്കിയാൽ അവർക്ക് നിയമങ്ങൾ ലംഘിക്കാൻ അനുവാദമുണ്ടായിരിക്കുക എന്നിവയൊക്കെ വ്യാപകമായിക്കഴിഞ്ഞു. ഉയർന്ന പൊതുബോധത്തിനും സ്ഥാപനങ്ങളുടെ ഉയർന്ന സുതാര്യതക്കും ഉത്തരവാദിത്ത ബോധത്തിനും മാത്രമേ ഈ അവസ്ഥ മാറ്റിയെടുക്കാൻ കഴിയൂ. ■